## 240

### 'Praise my soul the king of Heaven'

1 സ്തോത്രം പാടി വാഴ്ത്തിടുന്നു ഞാൻ പുത്രനെ തന്ന ദേവാ
പാത്രനല്ലേനെങ്കിലും സുപാത്രമാക്കി തീർത്തതാൽ

സ്തോത്രം പാടി വാഴ്ത്തിപ്പാടി
ആരാധിച്ചിടുന്നു ഞാൻ.....

2 വ്യർത്ഥ പിതൃപാരമ്പര്യത്തിൽ അർത്ഥമെന്യേ ജീവിച്ചെൻ
സ്വന്ത പുത്രരക്തം ചിന്തി സ്വന്തമാക്കിയത്ഭുതം-

3 അന്ധകാരത്തിൽനിന്നും എന്നെ അത്ഭുതപ്രകാശത്തിൽ
ആക്കിതീർത്ത സ്നേഹം ഓർത്ത് ആത്മാവിലാരാധിപ്പൂ-

4 തെറ്റിപ്പോയ് ഞാൻ ആടിനെപ്പോലെ തേടിവന്നു മാ സ്നേഹം
തോളിലേന്തി സ്വർഗ്ഗവീട്ടിൽ താതാ കൂടെ വാണിടാൻ- A.V.